Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. കെ ഡബ്ല്യൂ എ/HO/RMC/R2/1044/2020

തീയതി: 22.12.2020

**<u>സർക്കുലർ</u>**

വിഷയം:- കേരള വാട്ടർ അതോറിറ്റി- 2021ലെ BPL ആനുകൂല്യത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1)11/02/2009 ലെഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർKWA /HO/RMC/02/2009.
2) 2/ 12/ 2020 ലെ ആലപ്പുഴ എക്സിക്യൂട്ടീവ് എൻജിനീയറുടെ കത്ത് നമ്പർ A2/1895/15

കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ 15KL ൽതാഴെ പ്രതിമാസ ഉപഭോഗം ഉള്ള ബിപിഎൽ വിഭാഗത്തിൽപ്പെട്ട 2.05 ലക്ഷം ഉപഭോക്താക്കൾക്ക് സൗജന്യമായാണ് കുടിവെള്ളം നൽകിവരുന്നത്. ആദ്യ സൂചനയിലെ ഉത്തരവ് പ്രകാരം പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിന് എല്ലാ വർഷവും ജനുവരി 30ന് മുമ്പ് ഉപഭോക്താക്കൾ അപേക്ഷകൾ പുതുക്കി നൽകേണ്ടതാണ്. എന്നാൽ കോവിഡ് മഹാമാരി പടർന്നു പിടിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ബിപിഎൽ ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി ഉപഭോക്താക്കളെ ഓഫീസുകളിലേക്ക് വരുത്തുന്നത് ഉപഭോക്താക്കൾക്കും ജീവനക്കാർക്കും ഒരുപോലെ ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്ന് പല ഓഫീസുകളിൽ നിന്നും വന്ന അപേക്ഷകൾ പരിഗണിച്ച് 2021ലെ ബിപിഎൽ ആനുകൂല്യത്തിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1 ) നിലവിൽ ബിപിഎൽ ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്ന ഉപഭോക്താക്കൾക്ക് അപേക്ഷകൾ സമർപ്പിക്കാനുള്ള തീയതി **30/6/2021** വരെയായി ദീർഘിപ്പിച്ചിരിക്കുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കൊണ്ട് വരുന്ന അപേക്ഷകൾ സ്വീകരിക്കേണ്ടതാണ്.

Draft #2 of File KWA/HO/RMC/R2/1044/2020 Approved by Accounts Member on 22-Dec-2020 12:32 PM - Page 1

2) ബി പി എൽ ആനുകൂല്യത്തിനു വേണ്ടി പുതുതായി ലഭിക്കുന്ന അപേക്ഷകൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് സ്വീകരിക്കേണ്ടതാണ്. ബി പി എൽ ആനുകൂല്യത്തിനുള്ള അപേക്ഷയോടൊപ്പം ആധാർ കാർഡിന്റെ പകർപ്പ് കൂടി വാങ്ങേണ്ടതാണ്.

3) മാത്രമല്ല ഇനി മുതൽ പുതുതായി നൽകുന്ന എല്ലാ കണക്ഷനുകൾക്കും (BPL & APL) ആധാർ കാർഡിന്റെ പകർപ്പ് കൂടി നിർബന്ധമായും വാങ്ങേണ്ടതാണ്.

പ്രവർത്തനക്ഷമമായ മീറ്ററുകൾ ഉള്ള BPL ഉപഭോക്താക്കൾക്ക് മാത്രമേ പ്രസ്തുത ആനുകൂല്യം നൽകുവാൻ പാടുള്ളൂ. മേൽ പറഞ്ഞ കാര്യങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

V. Ramasubramani , IA & AS
അക്കൗണ്ട്സ് മെമ്പർ

സ്വീകർത്താവ്

എല്ലാ ചീഫ് എൻജിനീയർമാർക്കും
എല്ലാ എക്സിക്യൂട്ടീവ്എൻജിനീയർമാർക്കും
എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എൻജിനീയർമാർക്കും

പകർപ്പ്:-

PA TO MD /PA TO AM/PA TO TM/CE (OPERATIONS)/FM&CAO

Draft #2 of File KWA/HO/RMC/R2/1044/2020 Approved by Accounts Member on 22-Dec-2020 12:32 PM - Page 2

The document is digitally approved. Hence signature is not needed.